# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 785 30.06.2011 ൽ മറുപടിക്ക്

**ആശ്രിത നിയമനം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ കാരയ്ക്കാട് പഞ്ചായത്തിൽ നെടുകുളത്തി വടക്കേക്കര വീട്ടിൽ പി.ജി.രവീന്ദ്രൻ ആശ്രിത നിയമനത്തിനായി വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) | അപേക്ഷയും അനുബന്ധ രേഖകളും പൂർണ്ണ രൂപത്തിലല്ലാത്തതിനാൽ അപാകതകൾ പരിഹരിച്ച് പൂർണ്ണ രുപത്തിലുള്ള അപേക്ഷയും, ആവശ്യമായ രേഖകളും സമർപ്പിക്കുവാൻ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ് എന്ന് വ്യക്തമാക്കുമോ; | ബി) | വിദ്യാഭ്യാസ ഡയറക്ടറാഫീസ്, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ് എന്നീ ഓഫീസുകളിൽ നടപടി തുടർന്നു വരുന്നു. |
| സി) | ആശ്രിത നിയമനം എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സർക്കാരിൽ ലഭിച്ച്, നടപടികൾ പുർത്തിയാകുന്നമുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ